പതിമൂന്നാം കേരളനിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :2103 | 08.12.2014 ൽ മറുപടിക്ക്

മനുഷ്യാവകാശ സംരക്ഷണ നിയമം

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>ശ്രീ. എം. ഹംസ<br>ശ്രീ. എ.എം. ആരിഫ്<br>ശ്രീ. സി.കൃഷ്ണൻ | | ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) | മനുഷ്യാവകാശ കമ്മീഷന്റെ അപ്പീൽ അധികാരി ആവാൻ സംസ്ഥാന പോലീസ് മേധാവി ശ്രമിക്കരുതെന്ന് മനുഷ്യാവകാശ കമ്മീഷന്റെ താക്കീത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇത്തരമൊരു താക്കീത് നല്കാനിടയായ സാഹചര്യം വിശദമാക്കാമോ; | (ബി) | സന്തോഷ് എന്നയാൾക്ക് പോലീസ് കസ്റ്റഡിയിൽ വച്ച് മർദ്ദനമേറ്റുവെന്നും ടിയാന് നഷ്ടപരിഹാരമായി പതിനായിരം രൂപ സംസ്ഥാന സർക്കാർ നൽകണമെന്നും, ഈ തുക എതിർകക്ഷികളിൽ നിന്നും തുല്യമായി ഈടാക്കിയെടുക്കണമെന്നും എതിർ കക്ഷികൾക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിക്കണമെന്നും ബഹു. കമ്മീഷൻ ശുപാർശ ചെയ്തിരുന്നു. പ്രസ്തുത ശുപാർശ നടപ്പാക്കിയില്ല എന്നു കാണിച്ച് സന്തോഷ് എന്നയാൾ വീണ്ടും ബഹു. കമ്മീഷന് പരാതി നൽകി. കമ്മീഷൻ ശുപാർശകൾ തുടർ നടപടികൾക്കായി ഐ.ജി.പി. കൊച്ചി റേഞ്ചിന് സംസ്ഥാന പോലീസ് മേധാവി നൽകിയിരുന്നു. ടിയാൻ ഇക്കാര്യത്തെ സംബന്ധിച്ച് ഒരന്വേഷണം നടത്തിയെന്നും അന്വേഷണത്തിൽ പ്രതികളെ നിയമാനുസരണം അറസ്റ്റ് ചെയ്തതാണെന്നും പ്രതികൾക്ക് ആവശ്യമായ പരിഗണന നൽകിയതാണെന്നും റിപ്പോർട്ട് ചെയ്തു. ഇത്തരമൊരു റിപ്പോർട്ടിലാണ് ബഹു. കമ്മീഷൻ മേൽപ്പറഞ്ഞ തരത്തിൽ പരാമർശം നടത്തിയത്. |
| (സി) | മനുഷ്യാവകാശ സംരക്ഷണ നിയമപ്രകാരം കമ്മീഷൻ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ നടപ്പാക്കാൻ പോലീസ് മേധാവി തയ്യാറാകാതിരുന്നത് എന്തുകൊണ്ടാണ് ; സർക്കാർ നിലപാടും നിയമവ്യവസ്ഥകളും വെളിപ്പെടുത്താമോ? | (സി) | ബഹു. മനുഷ്യാവകാശ കമ്മീഷൻ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ എല്ലാം സമയബന്ധിതമായ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ